മലയാള മനോരമ
ESTABLISHED 1888

11 April 2017

# മീനുകളിലെ രാസപദാർഥ പ്രയോഗം തടയും: ഭക്ഷ്യസുരക്ഷാ കമ്മിഷണർ

### സെന്റ് തെരേസാസ് കോളജിൽ ഭക്ഷ്യസുരക്ഷാ സെമിനാർ

കൊച്ചി ● മീനുകളിൽ ആരോഗ്യത്തിനു ഹാനികരമായ രാസപദാർഥങ്ങൾ ഉപയോഗിക്കുന്നതു തടയുമെന്നു സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഡോ. നവജോത് ഖോസ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സെന്റ് തെരേസാസ് കോളജിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

വടക്കൻ കേരളത്തിലാണു രാസപദാർഥ പ്രയോഗം കൂടുതലായി നടക്കുന്നത്. ഇത് തടയുന്നതിന് ഓപ്പറേഷൻ സാഗർ റാണി എന്ന പേരിൽ നടപടി തുടങ്ങിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് റാപിഡ് ഡിറ്റക്ഷൻ കിറ്റുകൾ വികസിപ്പിക്കേണ്ടതുണ്ട്. മത്സ്യ-മാംസ വിപണന കേന്ദ്രങ്ങളും അറവുശാലകളും വൃത്തിയായി സൂക്ഷിക്കാൻ തയാറാകണമെന്നും അവർ പറഞ്ഞു.

സിഎംഎഫ്ആർഐയിൽ സ്ഥിതി ചെയ്യുന്ന നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസും (നാസ്) സെന്റ് തെരേസാസ് കോളജിലെ ഫുഡ് പ്രോസസിങ് ടെക്നോളജി വൊക്കേഷനൽ സ്റ്റഡീസ് വകുപ്പും സംയുക്തമായാണു സെമിനാർ സംഘടിപ്പിച്ചത്.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. ഡോ. ശ്രീനിവാസ ഗോപാൽ, ഡോ. കെ.പി. സുധീർ, ഡോ. ജോർജ് ടി. ഉമ്മൻ, ഡോ. എസ്. നസീമ ബീവി, ഡോ. അശോക് കുമാർ, ഡോ. പി.ഐ. ഗീവർഗീസ്, ഡോ. ജെസ്റ്റോ ജോർജ്, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ ഡോ. സജിമോൾ അഗസ്റ്റിൻ, ഡോ. സിസ്റ്റർ വിനിത എന്നിവർ പ്രസംഗിച്ചു.